# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1195/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 14/09/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)
2. ജോയിന്റ് ഡയറക്ടർ, എൽ എസ് ജി ഡി, കണ്ണൂർ (ഇ മെയിൽ)
3. ഓഫീസ് പകർപ്പ്

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1195/2023 തീയ്യതി: 14/09/2023

## കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-12-2022 മുതൽ 04-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (ഇൻ ചാർജ്ജ് ) | 05-07-2023 | 06-07-2023 |
| ശ്രീ.സുനിൽ.പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (ഇൻ ചാർജ്ജ് ) | 07-07-2023 | 12-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-07-2023 | 12-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീമതി.ലതവാണി.എൻ.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2. ശ്രീ.ഷിജു.എ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
3. ശ്രീമതി.രാജിമ.എ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ.ഗോകുൽ.ഡി.കെ, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അനിത.സി.പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.അഭിഷേക് കുറുപ്പ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിഷ്ണു.എസ്.നായർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.ദിലീപ് കുമാർ.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രശ്മി പനോളി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.സതീശൻ കോടഞ്ചേരി | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.റീനകുമാരി.എ.കെ | ശിശുവികസന പ്രോജക്ട് ഓഫീസർ-തലശ്ശേരി | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീജ.സി.എം | ശിശുവികസന പ്രോജക്ട് ഓഫീസർ-തലശ്ശേരി അഡീഷണൽ | 01-04-2022 | 31-03-2023 |
| ഡോ.ഷൈന.വി.പി | മെഡിക്കൽ ഓഫീസർ(സി എച്ച് സി-പിണറായി) | 01-04-2022 | 31-03-2023 |
| ശ്രീമതി.സ്മിത മാരാർ | ക്ഷീര വികസന ഓഫീസർ(അധിക ചുമതല) | 01-04-2022 | 10-07-2022 |
| ശ്രീ.നിഷാദ്.വി.കെ | ക്ഷീര വികസന ഓഫീസർ | 11-07-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ്ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രികയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തത് | 1-1-3 |
| 5 | ആസ്തി, തേയ്മാനം ഇവയുടെ കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല | 1-1-4 |
| 6 | വരവ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തിയത് | 1-1-5 |
| 7 | ഒടുക്കാൻ അവശേഷിക്കുന്ന ബാധ്യത തുകയും ബാങ്ക് അക്കൗണ്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വർഷാന്ത്യ സ്റ്റോക്കിന്റെ ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 16 | രജിസ്റ്റർ സൂക്ഷിപ്പിലെ പോരായ്മകൾ | 1-9 |
| 17 | കമ്മിറ്റികളുടെ പ്രവർത്തനം | 1-10 |
| 18 | വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല | 1-11 |
| 19 | കെട്ടിട വാടക വരവ് - പൊതു അപാകങ്ങ**ൾ** | 1-12 |
| 20 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്റ്റുകൾ - വിനിയോഗ സാക്ഷ്യപത്രം/രേഖകൾ ഹാജരാക്കിയിട്ടില്ല ചെലവ് ₹5081930 തടസ്സപ്പെടുത്തുന്നു. | 1-13 |
| 21 | ക്ഷീരസംഘം മുഖേന കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം- അപാകങ്ങൾ ചെലവ് തുക ₹2474761 തടസ്സപ്പെടുത്തുന്നു | 1-14 |
| 22 | "പട്ടികജാതി വിദ്യാ**ർ**ത്ഥിക**ൾ**ക്ക് പഠനമുറി പദ്ധതി "- കെട്ടിട നി**ർ**മ്മാണം അഡ്വാ**ൻ**സ് തിരികെ ഈടാക്കേണ്ടതാണ്. | 1-15 |
| 23 | ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹6,00,000 തടസ്സപ്പെടുത്തുന്നു. | 1-16 |

| | | |
|---|---|---|
| 24 | വനിതാ ഗ്രൂപ്പകൾക്ക് സ്വയം തൊഴിൽ പദ്ധതി -"ബ്ലോസ്സം ഗാർമെന്റ്സ് ആൻഡ് അപ്പാരൽസ്" സംഘത്തിന് നൽകിയ ₹3,75,000 തടസ്സപ്പെടുത്തുന്നു. | 1-17 |
| 25 | സ്വയം തൊഴിൽ പദ്ധതി - "ഒരുമ"സ്വയം സഹായ സംഘത്തിന് നൽകിയ ₹2,50,000/-തടസ്സപ്പെടുത്തുന്നു. | 1-18 |
| 26 | സെക്കണ്ടറി പാലിയേറ്റീവ് കെയർ - മരുന്ന് ലഭ്യമാകാത്തതും , രേഖകൾ ഹാജരാക്കാത്തതും -₹178580 തടസ്സപ്പെടുത്തുന്നു | 1-19 |
| 27 | ഗ്രാമ പഞ്ചായത്ത് പെയിൻ & പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് പൂരക ധനസഹായം നൽകൽ -രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക ₹9,35,779 തടസ്സപ്പെടുത്തുന്നു | 1-20 |
| 28 | കണ്ണൂർ ഫൈറ്റ് കാൻസർ രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക 73500/- രൂപ തടസ്സപ്പെടുത്തുന്നു | 1-21 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Receipt And Payment Statement | |
| 4 | Income And Expenditure Statement | |

| | |
|---|---|
| 5 | Balance Sheet |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 03.06.2023ലെ 2(1)/23-24 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 13.06.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച്, 2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,
14.09.2023.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

### 1-1-1 അക്കൗണ്ടിംഗ്ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല

1. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (2011ലെ കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62f)
2. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(ഇ) പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ അക്കൗണ്ടിൻമേലുള്ള കുറിപ്പുകളായി ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഇവ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 വാർഷിക ധനകാര്യ പത്രികയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

1. വാർഷിക ധനകാര്യ പത്രികയിലെ വികസനഫണ്ട് ജനറൽ ചെലവ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ ചെലവ് പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. ₹6,30,321 വ്യത്യാസം വ്യക്തമാക്കിയിട്ടില്ല.

2. വാർഷിക ധനകാര്യ പത്രികയിലെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവും നീക്കിയിരിപ്പും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-3 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തത്

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റിനത്തിൽ വാർഷിക ധനകാര്യ പത്രികയിലെ വിവിധ ഹെഡുകളിൽ രേഖപ്പെടുത്തിയ തുകയുടെ (₹2,22,581) കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

### 1-1-4 ആസ്തി, തേയ്മാനം ഇവയുടെ കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല

B-11 ഷെഡ്യൂളിനനുസരിച്ചുള്ള ആസ്തിയുടെയും തേയ്മാനത്തിന്റെയും കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല.

### 1-1-5 വരവ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തിയത്

ഐ.എ.വൈ അഡീഷണൽ അക്കൗണ്ട് പലിശ പ്രസ്തുത ശീർഷകത്തിൽ വരവിലെടുത്തിട്ടില്ല.

### 1-1-6 ഒടുക്കാൻ അവശേഷിക്കുന്ന ബാധ്യത തുകയും ബാങ്ക് അക്കൗണ്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ജി.എസ്.ടി. ഇനത്തിൽ ഒടുക്കാൻ ബാക്കിയുള്ള തുകയുടെ ആസ്തി (B-17 Schedule) ബാധ്യത (B-9 Schedule) തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-7 വർഷാന്ത്യ സ്റ്റോക്കിന്റെ ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല.

### 1-2 ബജറ്റ്

ബജറ്റ് അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ.

| | | |
|---|---|---|
| ബജറ്റ് അംഗീകരിച്ച ഭരണ സമിതി തീരുമാനം നമ്പർ/തീയതി | 1/ 118 /21-22 Dt. 30.3.2022 | |
| പുതുക്കിയ ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പർ, തീയതി | 1(1) 22-23 Dt. 23.3.2023 | |
| ഇനം | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| മുന്നിരിപ്പ് | 70,77,797.00 | 60,73,660.00 |
| വരവ് | 14,46,42,900.00 | 6,10,66,900.00 |
| ആകെ | 15,17,20,697.00 | 6,71,40,560.00 |

| | | |
|---|---|---|
| ചെലവ് | 14,55,75,940.00 | 6,08,86,892.00 |
| നീക്കിയിരിപ്പ് | 61,44,757.00 | 62,53,668.00 |

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 90,78,021.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,09,68,876.00 |
| ആകെ | 8,00,46,897.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,03,97,275.00 |
| നീക്കിയിരിപ്പ് | 96,49,622.00 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 99,69,550 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ (ACR പ്രകാരം) | 0 | 3,24,50,000 | | 2,71,11,523 | 53,38,477 |
| വികസന ഫണ്ട് എസ്.സി.പി (ACR പ്രകാരം) | 0 | 25,15,000 | | 1862436 | 6,52,564 |
| വികസന ഫണ്ട് ടിഎസ് പി (ACR പ്രകാരം) | 0 | 30,000 | | 20,000 | 10,000 |
| മെയിന്റനൻസ് നോൺ റോഡ് (ACR പ്രകാരം) | 0 | 64,18,000 | | 45,99,679 | 18,18,321 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് (ACR പ്രകാരം) പലിശ ഉൾപ്പെടെ | 5364354 | 9,970,716 (ഇതിൽ 2001081 ട്രഷറി) | 15335070 | 6654433 (ഇതിൽ 1226043 ട്രഷറി) | 8680637* (ഇതിൽ 775038 ട്രഷറി) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് (ACR പ്രകാരം) | 1763736 | 5661266 (ഇതിൽ 177953 ട്രഷറി) | 7425002 | 5687797 (ഇതിൽ 15462 ട്രഷറി) | 1737205* (ഇതിൽ 162491 ട്രഷറി) |

| | | | | | |
|---|---|---|---|---|---|
| പലിശ ഉൾപ്പെടെ | | | | | |
| ഐസിഡിഎസ് | 37,10,203 | 0 | 37,10,203 | 37,10,203 (തിരിച്ചടച്ചു) | |
| എസ് ജെ എസ് വൈ | 1144 | 32 | 1176 | 0 | 1176 |
| പൈക്ക | 659191 | 18,989 | 6,78,180 | 6,09,675 | 68,505 |
| ഐ എ വൈ അഡീഷണൽ | 1,44,918 | 1,04,524 | 2,49,442 | 1,00,006 | 1,49,436 |
| നിർമ്മൽ പുരസ്കാരം | 3,00,000 | 0 | 3,00,000 | 0 | 3,00,000 |
| വർക്കിംഗ് ഗ്രൂപ്പ് പരിശീലനം | 0 | 1,82,056 | 1,82,056 | 1,41,857+ 40,199 (തിരിച്ചടച്ചു) | 0 |
| പരിശീലന ഫണ്ട് | 0 | 62,101 | 62,101 | 36,424+ 25,677 (തിരിച്ചടച്ചു) | 0 |
| കേരളോത്സവം | 0 | 1,00,000 | 1,00,000 | 1,00,000 | 0 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. *295/- രൂപ ബാങ്ക് ചാർജിലെ വ്യത്യാസമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | ചെലവ് | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 98 | 82 | 77693455 | 69 | 13 | 16 | 47269501 | 70 |

| ക്രമ നമ്പർ | | അടങ്കൽ | എണ്ണം | ചെലവ് | എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 2,61,54,015 | 39 | 1,72,14,742 | 27 | 66 |
| 2 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 33,32,000 | 4 | 9,14,811 | 4 | 27 |
| 3 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 50,000 | 1 | 50,000 | 1 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ | 2,31,65,495 | 24 | 1,09,68,351 | 21 | 47 |
| 5 | ക്ഷീര വികസന ഓഫീസർ | 37,70,000 | 4 | 37,70,000 | 4 | 100 |
| 6 | വ്യവസായ വികസന ഓഫീസർ | 76,25,000 (ബാങ്ക് ലോൺ ഉൾപ്പെടെ) | 2 | 13,00,000 (ബാങ്ക് ലോൺ ഒഴികെ) | 2 | 17 (ബാങ്ക് ലോൺ ഒഴികെ) |
| 7 | ശിശു വികസന പ്രോജക്ട് ഓഫീസർ, തലശ്ശേരി & തലശ്ശേരി അഡീഷണൽ | 65,59,712 | 16 | 63,715,82 | 16 | 97 |
| 8 | മെഡിക്കൽ ഓഫീസർ, സിഎച്ച്സി | 70,37,233 | 8 | 66,80,015 | 7 | 95 |
| ആകെ | | 77693455 | 98 | 47269501 | 82 | 61 |

## 1-6 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയ്ക്ക് വേണ്ടി തൻവർഷം ഫണ്ട് ലഭിച്ചിട്ടില്ല. ₹7,03,395 തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയിട്ടുണ്ട്. മുന്നിരിപ്പ് ₹5,44,687 ഉൾപ്പെടെ ₹10,25,332 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും തനത് ഫണ്ടിലേയ്ക്ക് ക്രമീകരിക്കുവാൻ ബാക്കിയുണ്ട്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-07-2023 ന് 4.30 Pm സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാ മാസവും വിളിച്ച് ചേർത്തിട്ടുണ്ട്. ഓഫീസ് ഉത്തരവ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ചാർജ്ജ് കൈമാറ്റ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാന്റ് വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാന സാധ്യതകളെകുറിച്ച്, ഉദാഃ വാടക, വാടക പുനർനിർണ്ണയം, കുടിശ്ശിക എന്നിവ സംബന്ധിച്ചുള്ള കാര്യങ്ങളിലൊന്നും തീരുമാനമെടുത്തിട്ടില്ല. കൂടാതെ കെട്ടിട മുറികൾ വാടകയ്ക്ക് നൽകുന്നതിനായി വാടക ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിന് പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തത വരുത്തിയിട്ടില്ല. വാടകക്കാരുമായി നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമക്കുകയും ചെയ്തിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈടാക്കിയ നിക്ഷേപങ്ങളുടേയും കാലഹരണപ്പെട്ട നിക്ഷേപങ്ങളുടേയും കൃത്യമായ കണക്ക് സ്ഥാപനത്തിൽ ലഭ്യമല്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങളും അവയിലെ നീക്കിയിരിപ്പ് തുകകളും കൃത്യമായി ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

## 1-9 രജിസ്റ്റർ സൂക്ഷിപ്പിലെ പോരായ്മകൾ

സ്ഥാപനത്തിലെ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, കേന്ദ്ര, സംസ്ഥാന, ഗ്രാമ, ജില്ലാ പഞ്ചായത്തുകളിൽ നിന്നുള്ള ഫണ്ട് വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ഈ വകുപ്പിന്റെ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിരന്തരം റിപ്പോർട്ട് ചെയ്തിട്ടും ഇവ ഇപ്പോഴും സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈയിനത്തിൽ കാലഹരണപ്പെട്ട തുകകളുടെ വിവരം ലഭ്യമല്ല. കാലഹരണപ്പെട്ട തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഐ കെ എം സഹായത്തോടെ തയ്യാറാക്കുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-10 കമ്മിറ്റികളുടെ പ്രവർത്തനം

2022-23 പദ്ധതി രൂപീകരണ വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി 6.01.2022നും, ഗ്രാമസഭ 2.6.22നും യോഗം ചേർന്നിട്ടുണ്ട്. ഇതിനെ തുടർന്ന് വികസന സെമിനാർ 09.06.22നും ചേർന്നിട്ടുണ്ട്. 2022-23 വർഷം വർക്കിംഗ് ഗ്രൂപ്പുകൾ 4 എണ്ണം വീതം യോഗം കൂടിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗങ്ങൾ ചേർന്ന് പദ്ധതി നിർവഹണ ചർച്ചകൾ നടത്തിയിട്ടുണ്ട്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2019-20, 2020-21 ഓഡിറ്റ് റിപ്പോർട്ടുകളും ചർച്ചക്ക് വച്ചിട്ടുണ്ട്. തെരുവ് നായ ശല്യം പരിഹരിക്കുന്നതിനായി എബിസി പദ്ധതിക്കായി ഷെൽട്ടർ സ്ഥാപിക്കുന്നതിനുള്ള ബുദ്ധിമുട്ട് ചർച്ച ചെയ്യുകയും ഗ്രാമ പഞ്ചായത്തിൽ യോഗം ചേരാനും തീരുമാനിച്ചത് ശ്ലാഘനീയമാണ്. കാലികമായ ഈ വിഷയത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല

ആസൂത്രണ പ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്ക് സുപ്രധാനമാണ്. അതത് വിഷയ മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആഴത്തിൽ പരിശോധിച്ച്, സ്ഥാപനത്തിന്റെ പ്രത്യേകതകൾക്ക് ഇണങ്ങുന്നതും ജനങ്ങൾക്ക് ആവശ്യമുള്ളതുമായ പദ്ധതികൾ രൂപീകരിക്കുകയും നിർദേശിക്കുകയും ചെയ്യുക, പദ്ധതികളുടെ നടത്തിപ്പിന്റെ മോണിറ്ററിങ്ങ് നടത്തുക എന്നിങ്ങനെയുള്ള സുപ്രധാനമായ ഉത്തരവാദിത്തങ്ങളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർവ്വഹിക്കാനുള്ളത്. എന്നാൽ ഈ ഗൗരവം ഉൾക്കൊണ്ടു കൊണ്ട് പ്രവർത്തിക്കാൻ ബ്ലോക്ക് പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്തിലെ പദ്ധതികളിൽ മിക്കതും ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം കൈമാറൽ ആയതിനാൽ ഇവ നിർവ്വഹണം നടത്തുന്നത് ഗ്രാമപഞ്ചായത്ത് ആണ്. 2022-23 വർഷത്തിൽ 4 യോഗം ചേർന്നിട്ടുണ്ടെങ്കിലും പദ്ധതി പ്രവർത്തന പുരോഗതി സംബന്ധിച്ച ഇടക്കാല വിലയിരുത്തൽ നടന്നതായി കാണുന്നില്ല, എല്ലാ മേഖലയിലും നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല. പദ്ധതി നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം തയ്യാറാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതുമാണ്. പദ്ധതികളുടെ സുഗമമായ പൂർത്തീകരണവും ലക്ഷ്യപ്രാപ്തിയും ഉറപ്പു വരുത്തുന്ന വിധത്തിൽ കൃത്യമായ മോണിറ്ററിങ്ങ് നടത്തുക തുടങ്ങിയ ഉത്തരവാദിത്വം നിർവ്വഹിക്കാൻ പര്യാപ്തമായ തലത്തിലേക്ക് വർക്കിങ്ങ് ഗ്രൂപ്പുകളെ ഉയർത്തേണ്ടതുണ്ട്.

## 1-12 കെട്ടിട വാടക വരവ് - പൊതു അപാകങ്ങൾ

1) ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ്, കടമുറികൾ എന്നിവ വാടകയ്ക്കെടുത്തിരിക്കുന്ന വാടകക്കാരുമായി നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമക്കേണ്ടതാണ് (2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ). എന്നാൽ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിട മുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്ന വാടകക്കാരുമായി കരാർ ചമച്ചതിന്റെ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല.

വാടക വ്യവസ്ഥകൾ കൃത്യമായി പ്രതിപാദിക്കുന്ന കരാറുകാരന്റെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്/ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരുമായി നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമക്കേണ്ടതാണ്.

2) തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനി വ്യവസായ കേന്ദ്രം പിണറായി, അഞ്ചരക്കണ്ടി ഷോപ്പിങ് കോംപ്ലക്സ് എന്നിവയിൽ നിന്നുള്ള വാടക പിരിവ് സംബന്ധിച്ച് സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ 2022-23 സാമ്പത്തിക വർഷത്തിൽ എത്ര തുക പിരിച്ചെടുക്കുവാനുണ്ടെന്നും കുടിശ്ശിക എത്രയുണ്ടെന്നുമുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല (പിരിച്ചെടുത്ത വാടകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്). പ്രസ്തുത രജിസ്റ്ററിൽ വാടക ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നീ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്

3) 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം വാടകയിനത്തിൽ തൻവർഷം 53,680/- രൂപയും മുൻവർഷങ്ങളിൽ 40,320/- രൂപയും കുടിശ്ശികയുണ്ട്. കുടിശ്ശിക തുക പിഴ സഹിതം ഈടാക്കി വിവരം

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-13 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - വിനിയോഗ സാക്ഷ്യപത്രം/രേഖകൾ ഹാജരാക്കിയിട്ടില്ല ചെലവ് ₹5081930 തടസ്സപ്പെടുത്തുന്നു.

2022-23 വർഷം തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ട പൂർത്തീകരണ സാക്ഷ്യപത്രം/തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ/ പേര് | അടങ്കൽ | ചെലവ് | ബിൽ നം. & തീയതി (As Per ACR) | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | സ്മാർട്ട് ഐ ഫേസ് 1 - പൊതു ഇടങ്ങളിൽ CCTV സ്ഥാപിക്കൽ (SO 131/23) | 50,000/- (വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം) | 50,000/- | 219/ 23-02-2023 (ബിൽ ലഭ്യമാക്കി യിട്ടില്ല) | കണ്ണൂർ ജില്ലാ പഞ്ചായത്ത് |
| 2 | അഞ്ചരക്കണ്ടി ഗ്രാമപഞ്ചായ ത്തിലെ എംസിഎഫ് വിപുലീകരണ ത്തിന് ബ്ലോക്ക് വിഹിതം നൽകൽ (SO040/23) | 16,44,250 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) | 16,44,200 | 48/ 27-09-2022 | അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് |
| 3 | അഞ്ചരക്കണ്ടി ഗ്രാമപഞ്ചായ ത്തിലെ എസ് ടി ഭവനം പുനരുദ്ധാരണ പദ്ധതിക്ക് ബ്ലോക്ക് വിഹിതം നൽകൽ (SO116/23) | 30,000/- (വികസന ഫണ്ട് TSP) | 20,000/- | 257/ 10-03-2023 | അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| 4 | ന്യൂ മാഹി ഗ്രാമപഞ്ചായത്തിലെ കരിയില പായത്ത് റോഡിന് ബ്ലോക്ക് വിഹിതം നൽകൽ (S0060/23) | 5,00,000/- (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) | 5,00,000/- | 117/ 31-12-2022 | ന്യൂ മാഹി ഗ്രാമപഞ്ചായത്ത് |
| 5 | പിണറായി ഗ്രാമപഞ്ചായത്തിലെ അരയാക്കനി മുണ്ടയിൽതാഴെ റോഡ് നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം നൽകൽ (S0058/2023) | 7,00,000/- (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) | 7,00,000/- | 211/ 20-02-2023 | പിണറായി ഗ്രാമപഞ്ചായത്ത് |
| 6 | വേങ്ങാട് പറമ്പായി കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിന് ബ്ലോക്ക് വിഹിതം നൽകൽ (S0130/23) | 9,88,066/- (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) | 9,88,065/- | 325/ 29-03-2023 | വേങ്ങാട് ഗ്രാമപഞ്ചായത്ത് |
| 7 | ന്യൂ മാഹി ഗ്രാമപഞ്ചായത്തിലെ കരിക്കുന്ന കുടിവെള്ള പദ്ധതിക്ക് ബ്ലോക്ക് വിഹിതം നൽകൽ (S0062/23) | 11,37,000/- (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) | 11,37,000/- | 267/14-03-2023 | ന്യൂ മാഹി ഗ്രാമപഞ്ചായത്ത് |
| 8 | ഐ കെ എം-ന് പ്രവർത്തന ഫണ്ട് വകയിരുത്തൽ (S0042/23) | 42,665/- (വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം) | 42,665/- | 28/11.08.22 | ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (SBi A/c No.57047023512) |
| | | ആകെ | 5081930 | | |

പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/10-07-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആകെ ചെലവ് തുക ₹5081930 തടസ്സപ്പെടുത്തുന്നു. മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട വിനിയോഗസാക്ഷ്യപത്രം/പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-14 ക്ഷീരസംഘം മുഖേന കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം-അപാകങ്ങൾ ചെലവ് തുക ₹2474761 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 49/23 |
| പ്രോജക്ടിന്റെ പേര് | ക്ഷീരസംഘം മുഖേന കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | വികസന ഫണ്ട് -2474761 |
| ചെലവ് ₹2474761 | ബിൽ നമ്പർ 1/14-12-22 ₹294515<br>ബിൽ നമ്പർ 2/14-12-22 ₹98335<br>ബിൽ നമ്പർ 3/31-12-22 ₹253685<br>ബിൽ നമ്പർ 4/18-1-23 ₹349450<br>ബിൽ നമ്പർ 7/31-1-23 ₹182820<br>ബിൽ നമ്പർ 8/7-2-23 ₹66345<br>ബിൽ നമ്പർ 9/25-2-23 ₹400200<br>ബിൽ നമ്പർ 10/27-2-23 ₹225755<br>ബിൽ നമ്പർ 11/28-2-23 ₹179570<br>ബിൽ നമ്പർ 14/18-3-23 ₹104685<br>ബിൽ നമ്പർ 16/18-3-23 – ₹319401 |

മേൽ പദ്ധതി പ്രകാരം അഞ്ചരക്കണ്ടി പാതിരിയാട്, പിണറായി, ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ വഴി 2474761 രൂപയുടെ കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) എല്ലാ ക്ഷീരസഹകരണ സംഘങ്ങളും കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും, പാതിരിയാട് ക്ഷീരോത്പാദക സഹകരണ സംഘം മാത്രമേ കാലിത്തീറ്റ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുള്ളൂ. വിവിധ ക്ഷീരസഹകരണ സംഘങ്ങൾ കാലിത്തീറ്റക്ക് വ്യത്യസ്ത നിരക്കിലാണ് സബ്സിഡി നൽകിയിട്ടുള്ളത്. അഞ്ചരക്കണ്ടി ക്ഷീരോത്പാദക സഹകരണ സംഘം 100 കി.ഗ്രാമിന് 1495/- രൂപയും പിണറായി ക്ഷീരോത്പാദക സഹകരണസംഘം 100 കി.ഗ്രാമിന് 1385/- രൂപയും പാതിരിയാട് ക്ഷീരോത്പാദക സഹകരണ സംഘം 100 കി.ഗ്രാമിന് 1450/- രൂപയും ആണ് സബ്സിഡി നൽകിയിട്ടുള്ളത്. ബന്ധപ്പെട്ട സഹകരണ സംഘങ്ങൾ കേരള ഫീഡ്സിൽ നിന്നും കാലിത്തീറ്റ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല.

2) സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.5.2022 ഖ:6-3(16) പ്രകാരം കറവപ്പശുക്കൾക്ക് കാലിത്തീറ്റ മാനദണ്ഡങ്ങൾ പ്രകാരം ജനറൽ വിഭാഗത്തിന് നൽകാവുന്ന പരവാവധി സബ്സിഡി 50% (പരമാവധി 10,000/- രൂപയാണ്). എല്ലാ തലത്തിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പദ്ധതി ഏറ്റെടുക്കാം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആനുകൂല്യം നൽകിയ കർഷകർക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ആനുകൂല്യം ലഭ്യമായിട്ടുണ്ടോ എന്നതും ആനുകൂല്യം പരമാവധി സബ്സിഡി തുകയായ 10000/- രൂപയിൽ നിജപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദീകരണം നൽകിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2/9-7-23ന് ലഭ്യമാക്കിയ മറുപടിയിൽ ക്ഷീരസംഘങ്ങൾ കാലിത്തീറ്റ വാങ്ങിയതിന്റെ ബിൽ സമർപ്പിച്ചിട്ടുണ്ട്. ക്ഷീരസംഘങ്ങൾ കാലിത്തീറ്റ വാങ്ങിയ നിരക്കും കർഷകർക്ക് സബ്സിഡി നൽകിയ നിരക്കും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു. (100 കി.ഗ്രാം കാലിത്തീറ്റ നൽകുമ്പോൾ 50 കി.ഗ്രാമിന്റെ വില സബ്സിഡിയായി നൽകുകയാണ് ചെയ്യുന്നത്).

| ക്ഷീരസംഘത്തിന്റെ പേര് | കാലിത്തീറ്റ ലഭ്യമായ നിരക്ക് (ഒരു ചാക്ക്-50kg) | സബ്സിഡി നൽകിയ നിരക്ക് (ഒരു ചാക്ക്- 50 Kg) |
|---|---|---|
| അഞ്ചരക്കണ്ടി ക്ഷീരസഹകരണ സംഘം | 1388 | 1495 |
| പിണറായി ക്ഷീരസഹകരണ സംഘം | 1284 | 1375 |
| പാതിരിയാട് ക്ഷീരസഹകരണ സംഘം | 1375 | 1450 |

ഇപ്രകാരം കുറഞ്ഞ നിരക്കിൽ ക്ഷീരസംഘങ്ങൾക്ക് ലഭ്യമായ കാലിത്തീറ്റക്ക് ഉയർന്ന നിരക്ക് കാണിച്ച് സബ്സിഡി നൽകിയതിന്റെ കാരണം വിശദമാക്കിയിട്ടില്ല
3) വേങ്ങാട്, പിണറായി പഞ്ചായത്തുകൾ മേൽ പദ്ധതി നിർവ്വഹണം ചെയ്തിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ടി പഞ്ചായത്തുകളിലെ കർഷകർക്ക് അധിക സബ്സിഡി നൽകിയിട്ടില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ചെലവഴിച്ച തുക ₹2474761 തടസ്സപ്പെടുത്തുന്നു.

## 1-15 "പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി "- കെട്ടിട നിർമ്മാണം അഡ്വാൻസ് തിരികെ ഈടാക്കേണ്ടതാണ്.

തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട "പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രൊജക്റ്റ് നം.S0057/20)" പദ്ധതി പ്രകാരം ധർമ്മടം ഗ്രാമപഞ്ചായത്തിലെ ശ്രീ.മനോഹരൻ.കെ, കുന്നമ്മൽ (HO), മേലൂർ (PO) എന്നയാൾക്ക് 50,000/- രൂപ (ബിൽ നം.128/19-20 (വികസന ഫണ്ട് എസ് സി പി) Dt: 27-11-2019) അഡ്വാൻസായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വ്യക്തി പഠനമുറിയുടെ നിർമ്മാണം തുടങ്ങാത്തത് ബ്ലോക്ക് പഞ്ചായത്തിന് ബോധ്യപ്പെട്ടതിനെ അടിസ്ഥാനത്തിൽ ടിയാനിൽ നിന്നും അഡ്വാൻസ് തുക തിരികെ ഈടാക്കുന്നതിന് നോട്ടീസ് അയക്കുവാൻ സെക്ഷൻ ക്ലാർക്കിനെ ചുമതലപ്പെടുത്തിയിരുന്നു (ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 17/9/2022 ലെ യോഗ തീരുമാനം നം.6 പ്രകാരം). പ്രസ്തുത വിഷയത്തിലെ തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/11-07-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി ഗുണഭോക്താവ് പഠന മുറിയുടെ നിർമ്മാണം ആരംഭിക്കാത്തത് ബ്ലോക്ക് പഞ്ചായത്തിന് ബോധ്യപ്പെട്ടതിനാൽ പ്രസ്തുത അഡ്വാൻസ് തുക പിഴ സഹിതം ഈടാക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹6,00,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 52/23 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ മുച്ചക്ര വാഹനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സി ഡി പി ഒ,തലശ്ശേരി അഡീഷണൽ |
| അടങ്കൽ | ₹6,00,000 – വികസന ഫണ്ട്<br>പൊതുവിഭാഗം വികസന ഫണ്ട് |
| ചെലവ് ₹600000 | ബിൽ നമ്പർ, തീയതി (ACR പ്രകാരം)<br>314/28-3-23 ₹6,00,000 |

